ചീഫ് എഞ്ചിനീയർ നേരിട്ട് പണികളുടെ പുരോഗതി വിലയിരുത്താമെന്നും യോഗത്തിൽ തീരുമാനിച്ചു. പിന്നീട് ലോറി, ക്വാറി സമരംമൂലം പണികൾ തടസ്സപ്പെട്ടു. 7-3-2015 മുതൽ പണികൾ തുടങ്ങുന്നതാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ടാങ്കുകൾ കാലാവധി നീട്ടിക്കൊടുത്ത് 31-3-2015-നുള്ളിൽ പൂർത്തീകരിച്ചില്ലെങ്കിൽ ലിക്വിഡേറ്റഡ് ഡാമേജ് പ്രകാരമുള്ള പിഴ ഈടാക്കാൻ നിർബന്ധിതമാകുമെന്ന് പ്രസ്തുത കരാറുകാരനെ 24-2-2015-ൽ ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എഗ്രിമെന്റ് പ്രകാരം ഞാറയ്ക്കൽ ടാങ്ക് 25-2-2012-നും മുരിക്കുംപാടം ടാങ്ക് 19-12-2012-നും പൂർത്തിയാക്കേണ്ടതായിരുന്നു.

(സി) മുരിക്കുംപാടം ടാങ്ക് ആദ്യം 30-9-2013 വരെയും പിന്നീട് 1.65 ലക്ഷം രൂപ പിഴയോടുകൂടി 31-3-2015 വരെയും പൂർത്തിയാക്കേണ്ട സമയം ദീർഘിപ്പിച്ചിട്ടുണ്ട്. ഞാറയ്ക്കൽ ടാങ്ക് 31-3-2015 വരെ 2.95 ലക്ഷം രൂപ പിഴയോടുകൂടി സമയം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(ഡി) മുരിക്കുംപാടത്ത് 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് ഇതുവരെ 317,50,003 രൂപ അനുവദിക്കുകയും അതുംമുഴുക ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ഞാറയ്ക്കലിൽ 17.90 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് ഇതുവരെ 387,23,402 രൂപ അനുവദിക്കുകയും അതുംമുഴുക ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തു. മുരിക്കുംപാടം ടാങ്കിന്റെ പൈലുകൾ പൂർത്തിയായി. പൈൽക്യാപ്പ് ജോലികൾ നടക്കുന്നു. ഞാറയ്ക്കൽ ടാങ്കിന്റെ കോളം ജോലികളുടെ ആദ്യത്തെ സ്റ്റേജ് ജോലികൾ തീർന്നു. രണ്ടാമത്തെ സ്റ്റേജ് ജോലികൾ നടക്കുന്നു.

മുല്ലപ്പെരിയാർ പ്രശ്നം

145 (837) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ 2015 ഫെബ്രുവരി 20-ന് സുപ്രീംകോടതി പ്രസ്താവിച്ച വിധിയുടെ വിശദാംശം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹർജിയിൽ സംസ്ഥാനം ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) കേസിൽ തുടർച്ചയായി ഉണ്ടാകുന്ന പ്രതികൂല വിധികളുടെ കാരണം വ്യക്തമാക്കുമോ ;

(ഡി) മുല്ലപ്പെരിയാർ പ്രശ്നത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കാനായി ഇനി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(എഫ്) രാഷ്ട്രീയ പരിഹാരത്തിനായി സ്വീകരിച്ച നടപടികളും അതിനോട് കേന്ദ്ര സർക്കാരിന്റെയും തമിഴ്നാട് സർക്കാരിന്റെയും പ്രതികരണവും അറിയിക്കാമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളം ഫയൽ ചെയ്ത ഇടക്കാല ഹർജി (IA No. 24/2014) സംബന്ധിച്ചും മുല്ലപ്പെരിയാർ ഡാമിന്റെയും അനുബന്ധ നിർമ്മിതികളുടെയും സുരക്ഷയ്ക്കായി CISF-നെ നിയോഗിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി (IA No. 25/2014) സംബന്ധിച്ചും ബഹു. സുപ്രീം കോടതി 20-2-2015-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.*

(ബി) കേരളം ഫയൽ ചെയ്ത ഇടക്കാല ഹർജിയിലെ (IA No. 24/2014) ആവശ്യങ്ങൾ (Prayers) അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്. *

(സി) സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് ശ്രീ. ഹരീഷ് സാൽവേ, ശ്രീ. രാജേഷ് ധവാൻ തുടങ്ങിയ വിദഗ്ധരായ അഭിഭാഷകരുമായി കൂടിയാലോചിച്ച് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരുന്നുവെങ്കിലും, ബഹു. കോടതിയുടെ വിധികൾ കേരളത്തിന് അനുകൂലമായിരുന്നില്ല. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിനുവേണ്ടി ഉപോൽബലകമായ രേഖകളുടെ അടിസ്ഥാനത്തിൽ കേരളം ശക്തമായി വാദിച്ചിരുന്നുവെങ്കിലും കേരളത്തിന്റെ വാദങ്ങൾ പരിഗണിക്കപ്പെട്ടില്ല.

(ഡി) മുല്ലപ്പെരിയാർ പ്രശ്നത്തിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നിലപാട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽനിന്ന് ഉയർത്തുമ്പോൾ ജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഏർപ്പെടുത്തി വരുന്നുണ്ട്.

(ഇ&എഫ്) മുല്ലപ്പെരിയാർ വിഷയത്തിൽ നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേരള നിയമസഭയുടെ പ്രമേയത്തിന്റേയും വിവിധ സർവ്വകക്ഷിയോഗങ്ങളിലെ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയും ബഹു. പ്രതിപക്ഷ നേതാവും ബഹു. പ്രധാനമന്ത്രിയെ സന്ദർശിച്ച് മുല്ലപ്പെരിയാർ വിഷയത്തിൽ കേരള ജനതയുള്ള ആശങ്ക അദ്ദേഹത്തെ ധരിപ്പിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. രാഷ്ട്രീയ പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

കളം നവീകരണം - കോങ്ങാട് മണ്ഡലം

146 (838) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളം നവീകരിക്കുന്നതിനായി നിരവധി നിർദ്ദേശങ്ങൾ കോങ്ങാട് മണ്ഡലത്തിൽനിന്നും നൽകിയിട്ടും ഒരു കളത്തിനുപോലും തുക അനുവദിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്തിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിശോധിച്ച് കോങ്ങാട് മണ്ഡലത്തിലേക്കുകൂടി പ്രസ്തുത പദ്ധതിക്ക് തുക അനുവദിക്കുമോ ;

(ബി) ഈ പദ്ധതിക്കായി ആകെ എത്ര തുക അനുവദിച്ചു ; മണ്ഡലം തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) കോങ്ങാട് മണ്ഡലത്തിലെ 5 കളങ്ങൾ നവീകരിക്കുന്നതിനായി 144.10 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

(ബി) കളങ്ങളുടെ നവീകരണത്തിനായി പാലക്കാട് ജില്ലയിൽ ആകെ 1491.10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly